# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്,എറണാകുളം

നമ്പർ എഫ്3/14124/16 തീയതി, 26/09/16

## സർക്കുലർ നമ്പർ 13/2016-17

വിഷയം- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിലെ വിവിധ ഓഫീസുകളിലെ ടിബിപിഎഫ് സ്ഥിര നിക്ഷേപങ്ങൾ പുനഃനിക്ഷേപം നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന- 5.9.2016ന് ചേർന്ന 458-ാ മത് ബോർഡ് യോഗ തീരുമാനം നമ്പർ-4

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ വിവിധ ഓഫീസുകളിലെ ടിബിപി.എഫ് ഫണ്ടുകൾ പുനനിക്ഷേപിക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ്/ഫിനാൻസ് ഓഫീസർ ഒരു സിഗ്നേച്ചർ ആകണമെന്നുള്ള നിബന്ധന സംബന്ധിച്ച പ്രയോഗിക ബുദ്ധിമുട്ടുകൾ മേൽ സൂചന യോഗം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. 5.9.2016ലെ 458-മത് ബോർഡ് യോഗ തീരുമാന പ്രകാരം സ്ഥിര നിക്ഷേപങ്ങളിൽ അതാത് ജില്ലാ കമ്മിറ്റി ചെയർമാൻ , സെക്രട്ടറി , അക്കൌണ്ട്സ് ഓഫീസർ,ജൂനിയർ സൂപ്രണ്ട് എന്നിവർ ഉൾപ്പെട്ട നിക്ഷേപ സമിതിക്ക് പുതിയ F.D തുടങ്ങുന്നതിനും നിലവിലുള്ള F.D പുതുക്കുന്നതിന് തീരുമാനം എടുക്കുന്നതിനും, F.D ഒപ്പിട്ട് പുനർനിക്ഷേപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ജില്ലാതലത്തിൽ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. പുനർ നിക്ഷേപം സംബന്ധിച്ച പൂർണ ചുമതലയും ഉത്തരവാദിത്തവും അതാത് ഡെപ്പോസിറ്റ് കമ്മിറ്റികൾക്കായതിനാൽ കൗണ്ടർസൈൻ ചെയ്യാൻ ബോർഡിൽ ഹാജരാക്കേണ്ടതില്ല.

ബോർഡിലെ ഹയർ ഗ്രേഡ് അക്കൌണ്ട്സ് ഓഫീസർമാർ സ്ഥിര നിക്ഷേപം സംബന്ധിച്ച് മാസംതോറും ഇൻസ്പെക്ഷൻ നടത്തേണ്ടതും റിപ്പോർട്ട് ചീഫ് എക്സിക്യൂട്ടീവിന് സമർപ്പിക്കേണ്ടതുമാണ്. ആയതിനുള്ള എല്ലാ സഹകരണങ്ങളും അതാത് ഓഫീസുകൾ ചെയ്തു കൊടുക്കേണ്ടതാണ്. ടി.ബി.പി.എഫ് സേവിംഗ്സ് അക്കൌണ്ടിൽ നിന്നും ചെക്കു മുഖേനയോ അല്ലാതെയോ ഉള്ള എല്ലാ കൈമാറ്റങ്ങളും പിൻവലിക്കലുകളും ചീഫ് എക്സിക്യൂട്ടീവ്/ഫിനാൻസ് ഓഫീസറുടെ **അനുമതിയോടും ഒപ്പോടുംകൂടി മാത്രം നിലവിലുള്ള രീതിയിൽതന്നെ തുടരേണ്ടതാണ്.**

**പ്രസ്തുത തീരുമാനത്തിലെ നിർദ്ദേശങ്ങൾ അടിയന്തിരമായി പ്രാവർത്തികമാക്കേണ്ടതിന് കമ്മിറ്റി/സബ് ഓഫീസുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു.** ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കതപാലിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**ചീഫ് എക്സിക്യൂട്ടീവ്**

**സ്വീകർത്താവ്**

**എല്ലാ ജില്ലാ കമ്മിറ്റികളും/എഫ്.ഒ,സെക്രട്ടറി,എ.ഒ**

//ആജ്ഞാനുസരണം//

സൂപ്രണ്ട്